കേരള സർക്കാർ

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേലില ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:.doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി11/1711/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, കൊല്ലം
തീയതി.21.1.2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ്

സെക്രട്ടറി മുഖേന

മേലില ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ്പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി11/1711/2018 തിയ്യതി:21.1.2019

## കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2017മുതൽ31-3-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യൂറോയ്.കെ.പി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.09.2018മുതൽ 25.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സൈമൺ.കെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പത്മ കുമാരി.എൽ, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.ജി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീപി.പ്രസാദ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി. ഉഷാകുമാരി.റ്റി | 01.04.2017 മുതൽ 3.02.2018 വരെ |
| | ശ്രീ.എസ്സ്.അനിൽകുമാർ (ചാർജ്) | 04.02.2018 മുതൽ 15.02.2018 വരെ |
| | ശ്രീ.കബീർദാസ്.എ | 16.02.2018 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഹസീന.എ | 01.04.2017-07.01.2018 |
| | ശ്രീമതി.സീന.ജെ | 08.01.2018-31.03.2018 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിൽകുമാർ.എസ്സ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സംഗീത.എസ്സ്. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.സുരേഷ്കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പ്രസന്നകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | ശ്രീമതി.സിജിമജീദ് | 01.04.2017 മുതൽ 21.08.2017 വരെ |
| | ശ്രീമതി.രമ്യ | 22.08.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1.ശ്രീമതി.ജെൻസി മാത്യൂ | 01.04.2017 മുതൽ 31.03.2018 വരെ |
| | 2. ശ്രീമതി.ശാന്തി.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ. | ഡോ.എലിസബത്ത് എബ്രഹാം | 01.04.2017 മുതൽ |

| | | |
|---|---|---|
| പി.എച്ച്.സി | | 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.രജനി ഗോപാലകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 |
| ഡെയറിഫാം ഇൻസ്ട്രക്ടർ. | ശ്രീമതി.മീര | 01.04.2017 മുതൽ 31.03.2018 വരെ |

## <u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ല-പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയിനത്തിൽ വരുമാന നഷ്ടം | 2-1 |
| 14 | ഡി ആന്റ് ഒ ലൈസൻസ് – അപാകതകൾ | 2-2 |

| | | |
|---|---|---|
| 15 | ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടില്ല | 2-3 |
| | ഭാഗം 3 | |
| 16 | കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ | 3-1 |
| 17 | തരകൻസ് ഓഡിറ്റോറിയം റോഡ് റീടാറിംഗ് -വാർഡ് നം11 ടാർ വില അധികം പിൻവലിച്ചത്-മെയിന്റനൻസ് ഗ്രാന്റിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. | 3-2 |
| 18 | കാലിബാരലിന്റെ വില ബന്ധപ്പെട്ട ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ ഒടുക്കുവരുത്താത്തത് – പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 39,512/-രൂപ | 3-3 |
| 19 | ശങ്കർജംഗ്ഷൻ -ബഥേൽ ചർച്ച് റോഡ് റീ ടാറിംഗ് -പ്രോജക്ട് നിർവഹണം നടത്തിയില്ല- വാങ്ങി നൽകിയ ടാറിന്റെ വില-54,582/-രൂപ നഷ്ടം | 3-4 |
| 20 | ടെണ്ടർ ഡിഡക്ഷൻ പൂർണ്ണമായും കുറവ് ചെയ്യാതെ നഷ്ടം-ബിൽ തുക കൂടുതൽ നൽകി | 3-5 |
| 21 | പൈനുംമൂട്- പിണറുവിള ഭാഗംറോഡ് കോൺക്രീറ്റിംഗ് വാർഡ് നം -12 രേഖകളുടെ അഭാവത്തിൽ 1,49,663/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 3-6 |
| 22 | ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ പൊതു മരാമത്തുപ്രവർത്തികളിലെ നിർവഹണ അപാകതകൾ | 3-7 |
| 23 | സംയുക്ത പ്രോജക്ടിനായി തുക നൽകി-പദ്ധതി നടപ്പാക്കിയില്ല | 3-8 |
| 24 | രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് ലഭ്യമാക്കൽ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-9 |
| 25 | ക്ഷേമനിധി വിഹിതം ഒടുക്കാതെ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 3-10 |
| 26 | വീട് മെയിന്റനൻസ്-പണി | 3-11 |

| | | |
|---|---|---|
| | പൂർത്തീകരിച്ചില്ല | |
| 27 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല-3,77,027/- രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |
| 28 | മരുന്നുകൾ യഥാസമയം ലഭ്യമാക്കിയില്ല. | 3-13 |
| 29 | വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-14 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപം | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 38 | ചാർജ് /സർചാർജ് നടപടികളുടെവിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 42 | അനുബന്ധം-2 | 2 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

27.03.2017 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 07.03.2018 തീയതിയിലെ III(1).തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 08.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ്നമ്പർ/ തീയതി |
|---|---|---|
| 2017-18 | 11.06.2018, 12.06.2018 | കെ.എസ്സ്.എ. കെ.എൽ.എം. പി.11/1140/18, തീയതി. 27.6.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,09,54,548 |
| വരവ് | 6,03,81,950 |
| ആകെ | 7,13,36,498 |
| ചെലവ് | 6,17,15,467 |
| നീക്കിയിരിപ്പ് | 96,21,031 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 1,33,23,000 | 1,33,23,000 | 1,32,56,429 | 66,571 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 77,08,759 | 77,08,759 | 60,54,652 | 16,54,107 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 29,988 | 29,988 | 0 | 29,988 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,13,16,000 | 1,13,16,000 | 1,00,61,931 | 12,54,069 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 29,28,000 | 29,28,000 | 21,28,810 | 7,99,190 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 66,31,429 | 66,31,429 | 44,03,651 | 22,27,778 |
| കെ.എൽ.എസ് .ജി.ഡി.പി (ACR പ്രകാരം) | | 0 | 31,59,478 | 31,59,478 | 29,53,952 | 2,05,526 |
| സാക്ഷരത | | 0 | | | | |
| ദുരിതാശ്വാസ നിധി | | 0 | 1,500 | 1,500 | 0 | 1,500 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 1,92,36,814 | 1,92,36,814 | 1,92,36,814 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 16,656 | 7,45,219 | 7,61,875 | 7618 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച്) | ഐസി ഡിഎസ് | 2,39,309 | 8,65,964 | 1,10,52,273 | 4,36,832 | 6,68,441 |
| | റ്റിഎസ്സ്സി | 2,00,081 | 1,05,568 | 3,05,649 | 75,000 | 2,30,649 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | വിമുക്തി | 25,000 | 12,500 | 37,500 | 15,537 | 21,963 |
| | കേരളോത്സവം | 0 | 30,592 | 30,592 | 30,592 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ളോക്ക് പഞ്ചായത്ത് | 43 | 1,75,000 | 1,75,043 | 1,74,996 | 47 |
| | ജില്ലാ പഞ്ചായത്ത് | 0 | 6,75,000 | 6,75,000 | 6,57,320 | 17,680 |
| ബി ഫണ്ട് | | 0 | 3,64,36,800 | 3,64,36,800 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 54,20,450 | 0 | 0 | 0 | 80,40,816 |
| | ട്രഷറി അക്കൗണ്ട് | 48,40,466 | 80,90,000 | 1,29,30,466 | 1,23,21,686 | 6,08,780 |

| മറ്റിനം | | | | | |
|---|---|---|---|---|---|

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 41703309 | 143 | 40291484 | 40 | 5 | 76.06 |

ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ-ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16,656 | 8,27,956 | 8,44,612 | 8,44,612 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,92,36,814 | 1,92,36,814 | 1,92,36,814 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75,000 | 212 |
| കർഷകതൊഴിലാളി പെൻഷൻ | 23,01,300 | 194 |
| വിധവാപെൻഷൻ | 1,14,76,600 | 1,120 |
| വാർദ്ധക്യകാല പെൻഷൻ | 1,85,35,800 | 1,545 |
| വികലാംഗ പെൻഷൻ | 37,36,400 | 326 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,089/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

5.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്

. എന്നാൽ ചില അവസരങ്ങളിൽ കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

6.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ട്

7.ഡി.&ഒ.ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള സ്ഥാപനരജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

8.കെട്ടിടനിർമ്മാണ പെർമ്മിറ്റ് ഫീ, കെട്ടിടവാടക, വിവിധയിനം ലേലങ്ങൾ എന്നിവയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടുണ്ട്.വസ്തുനികുതിയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു.

9.ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുന്നില്ല.

10.വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട സ്ഥിരനിക്ഷേപം,

മുൻക്കൂറുകൾ, കുടിവെള്ള ടാപ്പുകൾ,എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

11.ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

12.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

13തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ കമ്പോണന്റുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കൃത്യമല്ല.
14 ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07. 2018-26.07.2018 | 6/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.2018- 23.03.2018 | 2012-13 മുതൽ 2016-17 വരെ | 21.06.2018 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഖണ്ഡിക 1.3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.
1. LIABILITY ഹെഡിൽ ചേർത്തിരിക്കുന്ന ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള റവന്യൂ ഗ്രാന്റ്സ് തുകകളുടെ വിവരങ്ങൾ കൃത്യമല്ല.

2. സംയുക്ത സംരംഭങ്ങൾക്കായുള്ള സ്പെഷ്യൽ ടി.എസ്സ്.ബി അക്കൗണ്ടിൽ നിന്നും പിടിച്ച 15,954/- രൂപയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ല- പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയിനത്തിൽ വരുമാന നഷ്ടം

1. മിനി ഓഡിറ്റോറിയം

പഞ്ചായത്തിന്റെ മിനിഓഡിറ്റോറിയത്തിന്റെ വാടകയിനത്തിൽ 2017-18 വർഷം 750/-രൂപ മാത്രമാണ് വരവ് വന്നിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ രജിസ്റ്ററിൽ ഒരു ദിവസം മാത്രം വാടകയ്ക്ക് നൽകിയതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2017-18 വർഷം സെക്രട്ടറിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി ഇവിടെ നവീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പഞ്ചായത്തിന് സ്വന്തമായി മിനിഓഡിറ്റോറിയം ഉള്ള സാഹചര്യത്തിൽ വാടകയിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവുകൾ ഒഴിവാക്കുന്നതിനും വാടക വരവ് ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

2. പഞ്ചായത്ത് ഭരണ സമിതിയുടെ 9.10.2017ലെ കമ്മിറ്റിയിൽ മേലില ഗ്രാമപഞ്ചായത്തിലെ റൂഫിംഗ് ചെയ്ത് വൃത്തിയാക്കിയ അംഗൻവാടികളുടെ മുകളിലത്തെ നില വാടകയ്ക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാടക നിരക്ക്, ഇതുവരെയുള്ള വരവ് എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഇതു സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ്എൻക്വയറി നം.7/25.9.18

## 2-2 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോവാർഡിലും എത്രസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തിൽ നിന്നു ലഭ്യമായ കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച 895 കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ 148 സ്ഥാപനങ്ങൾക്കു മാത്രമെ ഫീസ് ഈടാക്കി ഡി ആന്റ് ഒ ലൈസൻസ് നൽകിയിട്ടുള്ളു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളുടെ

വാർഡ് തിരിച്ചുള്ള എണ്ണം കണക്കാക്കി നിയമാനുസൃതമായി പ്രവർത്തിക്കുന്ന എല്ലാസ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നതിനും ആയത് വഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ലൈസൻസിനായുള്ള അപേക്ഷകൾ സെക്രട്ടറി അംഗീകരിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ വാർഡിന്റെ ചുമതലയുള്ള ക്ലർക്ക് സമർപ്പിക്കുന്ന പരിശോധനാറിപ്പോർട്ട് സെക്രട്ടറി അംഗികരിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 <u>ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടില്ല</u>

പഞ്ചായത്തിന്റെ പരിധിയിലുള്ള ആശുപത്രികളും പാരമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 2017-18 വർഷം സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടന്നിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ എത്ര സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും നിലവിലുണ്ടെന്നുള്ള ആധികാരികമായ വിവരം ലഭ്യമായില്ല. ആയതിനാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കൃത്യമായ കണക്കുകൾ എടുക്കുന്നതിനും അവ രജിസ്റ്റർ ചെയ്ത് നിയമാനുസൃതമാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -7/25.09.2018

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ</u>

**1.കൃഷി വകുപ്പിൽ നിക്ഷിപ്തമായ ചുമതലകൾ നടപ്പിലാക്കാതെ ബോധവൽക്കരണംഎന്ന പേരിൽ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.**

കാർഷികവിളകൾ വർദ്ധിപ്പിക്കുന്നതിനുള്ള നൂതന മാർഗ്ഗങ്ങളും ആശയങ്ങളും നിർദ്ദേശങ്ങളും കർഷകർക്ക് നല്കുകയും അവരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് ഓരോയിനം വിളകളും പരിപാലിക്കേണ്ട രീതികൾ, ഉപയോഗിക്കേണ്ട വളങ്ങൾ എന്നിവയെക്കുറിച്ചും ഇവയെ ബാധിക്കുന്ന കീടങ്ങളെ നശിപ്പിക്കുന്നതിനെ ക്കുറിച്ചുള്ള അറിവ് നല്കേണ്ടതും വിവിധയിനം കാർഷികവിളകളും വളവും സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി മുഖേന നല്കേണ്ടതും വിളകൾക്ക് ഓരോ കാലഘട്ടത്തിലും ആവശ്യമായ പരിപാലനം സംബന്ധിച്ച് കർഷകർക്ക് നിർദ്ദേശങ്ങൾ നല്കേണ്ടതും കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാർ എന്നിവരുടെ ചുമതലയാണ്. എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികളിൽ മേൽ പ്രവർത്തനങ്ങൾക്കായി വികസനഫണ്ടിൽ നിന്നും ബോധവൽക്കരണം എന്ന പേരിൽ പ്രത്യേകം തുക ചെലവഴിച്ചിരിക്കുന്നു. സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)80/17 തീയതി.3-4-17) ഖ.12.7- ൽ തദ്ധേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ളവയ്ക്കല്ലാതെ ബോധവൽക്കരണ ക്യാമ്പുകൾ നടത്താൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്.

| പ്രോജക്റ്റ് നം/ | അടങ്കൽ തുക (രൂപ) | ആകെ ചെലവഴിച്ച തുക(രൂപ) | ബോധവൽ ക്കരണത്തിന് ചെലവഴിച്ച തുക(രൂപ) |
|---|---|---|---|
| 34/18,ടിഷ്യൂ കൾച്ചർ വാഴകൃഷി | വികസനഫണ്ട് ജനറൽ 3,20,000/-<br>ഗു.വി(നേരിട്ട്)- 45,000/- | 1,80,000/- ബിൽ നം5/ 31-10-17,<br>1,40,000/- ബിൽ നം7/ 9-3-18 (135000+5000) | 5000/- (ബിൽ നം 7/9-3-18) (ഫ്ളക്സ്, ഉച്ചഭക്ഷണം, ബുക്ക്, ഫയൽ, ലഘു- ഭക്ഷണം എന്നിവയ്ക്കായി ചെലവഴി ച്ചിരിക്കുന്നു) |
| 33/18 സമഗ്ര പച്ചക്കറി കൃഷി | വികസനഫണ്ട് ജനറൽ 10,41,160/-<br>ഗു.വി(നേരിട്ട്)- 45,000/- | 5,09,400/- ബിൽ നം2/ 31-10-17,<br>5,31,760/- ബിൽ നം6/ 5-3-18. | 5860/- (ബിൽ നം6/5-3-18) (ഫ്ളക്സ്, ഉച്ചഭക്ഷണം, ബുക്ക്, ഫയൽ, ലഘു- ഭക്ഷണം എന്നിവയ്ക്കായി ചെലവഴി ച്ചിരിക്കുന്നു) |
| | | ആകെ | 10,860/- |

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 10,860/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

2.ടിഷ്യൂകൾച്ചർ വാഴകൃഷി-സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ .

പ്രോജക്റ്റ് നം34/18
അടങ്കൽ തുക
വികസനഫണ്ട് ജനറൽ - 32,000/-
ഗു.വി.(നേരിട്ട്) - 45,000/-
ആകെ - 3,65,000/-
ചെലവഴിച്ച തുക – 32,000/-
(ബിൽ.നം.5/31.10.17 തുക-18,000/-
ബിൽ.നം.5/31.10.17 തുക -14,000/-)

മേലില ഗ്രാമ പഞ്ചായത്തിൽ കുറഞ്ഞത് 5 സെന്റെങ്കിലും കൃഷി ഭൂമിയുള്ളവർക്ക് 15 ടിഷ്യൂകൾച്ചർ വാഴതൈകൾ (ഒരു യൂണിറ്റ്) 100% സബ്സിഡിയിലും 300 രൂപയുടെ ജൈവവളം 75% സബ്സിഡിയിലും നല്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. മേൽ പദ്ധതി വഴി 600 യൂണിറ്റ് വാഴതൈകളും വളവും വാങ്ങി വിതരണം ചെയ്തതിന്റെ ഫയൽ ഹാജരാക്കിയതിൻ പ്രകാരം വിവിധ വാർഡുകളിലെ 20 ഓളം ഗുണഭോക്താക്കളെ സ്ഥലപരിശോധനയ്ക്കായി തെരഞ്ഞെ ടുത്തിരുന്നു. എന്നാൽ മിനി ,മിഥുൻ നിവാസ്, വില്ലൂർ എന്ന ഒരു ഗുണഭോക്താവിനെയും അവരുടെ കൃഷി സ്ഥലവും മാത്രമാണ് കൃഷി അസിസ്റ്റന്റുമാർക്ക് കാണിച്ചു നല്കാനായത്. വിതരണരേഖകൾ പ്രകാരം ടിയാൾക്ക് 50 വാഴതൈകൾ നല്കിയതായി രേഖയുണ്ടെങ്കിലും 15 വാഴതൈകൾ ലഭിച്ചതായിട്ടും അതിൽ 12 എണ്ണം നിലവിലുള്ളതായും ടിയാൾ ഓഡിറ്റിനെ ബോധിപ്പിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ കണ്ടെത്തിയ ഒരു ഗുണഭോക്താവിന് ലഭിച്ച വാഴതൈകളിൽ തന്നെ 35 ഓളം എണ്ണത്തിന്റെ കുറവുള്ളതിനാലും, മറ്റ് ഗുണഭോക്താക്കളെ കൃഷി അസിസ്റ്റന്റുമാർക്ക് കാണിച്ചു തരാനാകാത്തതിനാലും വാഴതൈ വിതരണത്തിൽ ഗുരുതരപിഴവുകൾ വന്നിട്ടുള്ളതായി കണക്കാക്കുന്നു. മേൽ അപാകതകൾക്ക് നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം നല്കേണ്ടതാണ്. ഗുണഭോക്താക്കളെ സ്ഥലപരിശോധനയിൽ കാണിച്ചു തരാനാകാത്തതിൽ നിന്നും വിത്തും തൈകളും നല്കുന്നതല്ലാതെ വിള പരിപാലനം സംബന്ധിച്ച് കർഷകർക്ക് മറ്റൊരു സഹായവും കൃഷി ഓഫീസിൽ നിന്നും ലഭ്യമാകുന്നില്ലെന്നും വാഴ തൈ വിതരണത്തിന് ശേഷം കൃഷി അസിസ്റ്റന്റുമാർ ഒരിക്കൽ പോലും ഫീൽഡ് സന്ദർശനം നടത്തിയിട്ടില്ലെന്നും ബോധ്യപ്പെട്ടു. കൃഷി ഓഫീസിൽ നിക്ഷിപ്തമായ ചുമതലകൾ നടപ്പിലാക്കുന്നതിൽ വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതും മേൽ അപാകതകൾക്ക് നിർവ്വഹണോദ്യോഗസ്ഥൻവിശദീകരണം നൽകേണ്ടതുമാണ്.

3.സമഗ്ര പച്ചക്കറികൃഷി-ഗുണഭോക്തൃ വിഹിതം ശേഖരിച്ചതിന്റെയോ ഉദ്പാദനോപാധികൾ വാങ്ങിയ സ്ഥാപനങ്ങളിലേക്ക് ഗുണഭോക്തൃ വിഹിതം ഒടുക്കിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

2017-18ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)80/17 തീ .3-4-17) ഖ.2.6 പ്രകാരം ഉദ്പാദനോപാധികളും യന്ത്ര സാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലെയും വസ്തുക്കൾ, ആസ്തികൾ മുതലായവ നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങി നല്കുമ്പോൾ ഗുണഭോക്തൃവിഹിതം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്റ്റിൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. കൃഷി ഓഫീസർക്ക് നല്കിയിട്ടുള്ള ബിൽ പ്രകാരമുള്ള തുകയിലെ പദ്ധതി വിഹിതമിനത്തിലുള്ള തുക വികസനഫണ്ടിൽ നിന്നും കൈമാറിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

പ്രോജക്റ്റ് നം 33/18 സമഗ്ര പച്ചക്കറി കൃഷി.

അടങ്കൽ തുക

വികസനഫണ്ട് ജനറൽ - 10,41,160/-
ഗു.വി.നേരിട്ട് - 45,000/-
ആകെ -10,86,160/-
ചെലവഴിച്ച തുക -5,09,400/-(ബിൽ നം2/31-10-17)
-5,31,760/-(ബിൽ നം 6/5-3-18)
ആകെ -10,41,160/-

മേൽ പദ്ധതിയിൽ പച്ചക്കറി വിത്തുകൾ 100% സബ്സിഡിയിലും ജൈവകീടനാശിനി KAIKO Ltd ,TVM ൽ നിന്നും 1,22,800/-രൂപയ്ക്കും ഐശ്വര്യ എക്കോഷോപ്പിൽ നിന്നും 20,000/- രൂപയ്ക്കും കൃഷി ഓഫീസർ നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ജൈവകീടനാശിനിയുടെ വിലയുടെ 75% സബ്സിഡി തുകകളായ 92,100/-,(ബിൽ നം 6/5-3-18)15000/-എന്നിവ യഥാക്രമം യഥാസ്ഥാപനങ്ങളിൽ ഒടുക്കവരുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിത മിനത്തിൽ KAIKO Ltd-ന് അടയ്ക്കേണ്ട തുകകളായ 30,700/-,5,000/-എന്നീ തുകകൾ ഗുണഭോക്താക്കളിൽ നിന്ന് കളക്റ്റ് ചെയ്തതിന്റെയോ ഗുണഭോക്താക്കൾ നേരിട്ട് മേൽ സ്ഥാപനങ്ങളിലേക്ക് കൈമാറിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. 28/18 എന്ന പദ്ധതിക്ക് മാത്രമാണ് കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തത് പഞ്ചായത്ത് മുഖേന ചെലവഴിച്ചിട്ടുള്ളത്. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. ഉത്പാദനോപാധികൾ വാങ്ങിയ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃവിഹിതമിനത്തിൽ നല്കേണ്ട തുക കൈമാറിയതിന്റെ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച പദ്ധതി വിഹിത തുകയായ 10,41,160/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

4.രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തൈ നടീൽ-നടപടിക്രമങ്ങളിലെ അപാകതയും സബ്സിഡി അധികമായി നല്കിയതും.

പ്രോജക്ട് നം.28/18

<u>അടങ്കൽ തുക</u>

വികസനഫണ്ട് ജനറൽ - 1,31,040/-
ഗു.വി.നേരിട്ട് - 4,680/-
ആകെ - 1,35,720/-
ചെലവഴിച്ച തുക – 1,30,162/-(ബിൽ നം8/27.3.18)
ഗു.വി. - 4,388/-(TC)

മേൽ പദ്ധതി തയ്യാറാക്കുമ്പോൾ അടങ്കൽ തുക നിർണ്ണയിക്കേണ്ടത് രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം സംബന്ധിച്ച് കൃഷി അസിസ്റ്റന്റുമാർ തയ്യാറാക്കുന്ന ഫീൽഡ് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണമോ ഗുണഭോക്താക്കളെയോ നിർണ്ണയിക്കുന്ന ഫീൽഡ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കാതെയാണ് തെങ്ങ് മുറിച്ചുമാറ്റിയതിനുള്ള സബ്സിഡി ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ളത്. 2017-18ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)80/17 തീയതി.3-4-17) ഖ8.1.4 പ്രകാരം പൊതുവായുള്ള തെങ്ങിൻതൈ വിതരണത്തിന് 75% സബ്സിഡി നല്കാവുന്നതാണ്. എന്നാൽ ഖ 8.1.11 പ്രകാരമുള്ള കേട് വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിലെ തെങ്ങിൻ തൈ വിതരണത്തിനും മറ്റാനുകൂല്യങ്ങൾക്കും കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ 14-6-17 ലെ TB(1)23825/17 സർക്കുലറിലെ ഖ.f പ്രകാരം മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽകവിയാതെയാണ് നല്കാവുന്നത്. എന്നാൽ മേൽ പദ്ധതിയിൽ 25% സബ്സിഡി അധികം നല്കിയിരിക്കുന്നു. മേൽ പദ്ധതി വഴി രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റിയവർക്ക് 75 രൂപ നിരക്കിൽ 234 തെങ്ങിൻ തൈകൾ അഞ്ചൽ കൃഷി ഫാമിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൻ തൈയ്ക്ക് 18.75 രൂപ നിരക്കിൽ ഗുണഭോക്താക്കളിൽ നിന്നും 4,387/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്ത് രസീത് മുഖേന കളക്ട് ചെയ്തിട്ടുണ്ട്. പ്രോജക്ടിൽ 25% ഗുണഭോക്തൃവിഹിതമാണ് നിർണ്ണയിച്ചിരിക്കുന്നത്. ഒരു തെങ്ങിൻ തൈയ്ക്ക് 50% സബ്സിഡി ആയ 37.5 രൂപ സബ്സിഡി ചെലവഴിക്കുന്നതിന് പകരം 75% സബ്സിഡി ആയ 56.25

/- രൂപ നിരക്കിൽ 13,162/-രൂപ (234x56.25) വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 4,387/-രൂപ ( 234x56.25-234x37.5) രൂപ നിരാകരിക്കുന്നു .മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം 3/19-9-18

## 3-2 <u>തരകൻസ് ഓഡിറ്റോറിയം റോഡ് റീടാറിംഗ് -വാർഡ് നം.11 ടാർ വില അധികം പിൻവലിച്ചത്- മെയിൻറനൻസ് ഗ്രാൻറ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടത്</u>

പ്രോജക്ട് നം 44/2017-18

അടങ്കൽ തുക – 4,90,000/-രൂപ

എഗ്രിമെന്റ് നം- 30/AE/LSGD/MGP/2016-17/30.12.2016

കൺവീനർ - ശ്രീ.ബിജു

എം.ബുക്ക് നം - 25/2017-18

ബിൽ നം - 108/17-18/31.03.2018,20/17-18/14.07.17

വർക്കിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്നതനുസരിച്ച് ടാറിന്റെ റിക്വയർമെന്റ് കണക്കാക്കി മെയിന്റനൻസ് ഫണ്ട് റോഡ് ഫണ്ടിൽ നിന്നും മെറ്റീരിയൽസ് വാങ്ങുന്നതിനായി തുക പിൻവലിച്ചത്.

SSI – 127.50Kg@ Rs – 64.699/kg - 8,249.12രൂപ

RSI -480.68Kg @ Rs -36.915/Kg – 18,990.18 രൂപ

Bitumin V.G .30.4433.33Kg@ Rs 3,359/- 1,65,512.38/-രൂപ

---

ആകെ 1,92,751/-രൂപ

ടാറിംഗ് പ്രവൃത്തിയ്ക്ക് വേണ്ട യഥാർഥ റിക്വയർമെന്റ് താഴെ പറയുന്നത് പ്രകാരമാണ്.

1. Prime Coat ഒരു ചതുരശ്രമീറ്ററിന് SSI – 0.85 Kg

2. Tack Coat റീ ടാറിംഗിന് ഒരു ചതുരശ്രമീറ്ററിന് RSI – (0.225 Kg/$m^2$)

3.Tack Coat റീ ടാറിംഗിന് ഒരു ചതുരശ്രമീറ്ററിന്-0.225Kg/$m^2$

4. 20mm pmc VG .30 – 1.46 Kg /m2

5.Seal Coat VG.30 – 0.65Kg/m2

മേൽ പറഞ്ഞ റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ ടി വർക്കിന്റെ യഥാർഥത്തിൽ ചെയ്ത പ്രവൃത്തിയുടെ അളവും നിരക്കും എം ബുക്ക് പ്രകാരം താഴെ പറയുന്ന പ്രകാരം മാത്രമാണ് ആവശ്യമുള്ളത്.

1. Item No3 – Prime Coat – 150m2x0.85kg/m2 – 127.55x64.699 = 8,249.35

2. Item No 4 – Tack Coat 150m2x0.225kg/m2 – 41.25x36.915= 1,522.74

3. Item No 5- Tack Coat-1699.218x.225kg/m2 – 382.32x36.915=14,113.34

4. Item No 6 -20mm Pmc- 1849.218x1.46kg/m2 – 2699.85x33.59 =90,688.23

5. Item No 7-Seal Coat – 1849.218 x 0.65kg/m2 – 1201.99x33.59=40,374.90

ആകെ 1,54,948.56

ടി വർക്കിന് വേണ്ടിയിരുന്ന ആകെ ടാർ മെറ്റീരിയൽസിന്റെ വില 1,54,949രൂപയാണ്. എന്നാൽ മേൽപറഞ്ഞ 14.07.17 ലെ നം 20/17-18 ബില്ല് പ്രകാരം 1,92,752/-രൂപ ടാറിന്റെ വിലയായി ട്രഷറിയിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും ടാറിൻെറ മാർക്കറ്റ് വിലയായ 1,92,752/-രൂപ കുറവ് ചെയ്ത് കൺവീനർക്ക് നൽകിയിട്ടുള്ളതിനാൽ കൺവീനർക്ക് അധികം തുക നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ നിന്നും അധികമായി പിൻവലിച്ച37803/-രൂപ (192752-154949) തനത് ഫണ്ടിൽനിന്നും പിൻവലിച്ച് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം -10/17-18/25.09.2018

## 3-3 <u>കാലിബാരലിന്റെ വില ബന്ധപ്പെട്ട ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ ഒടുക്കുവരുത്താത്തത് - പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 39,512/-രൂപ</u>

പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട ടാറിംഗിന്റേയും, റീടാറിംഗിന്റേയും ഫയലുകൾ പരിശോധിച്ചതിൽ ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കിയ പ്രവർത്തികൾക്ക് വകയിരുത്തിയ ഫണ്ട് തുകയിൽ നിന്നും അസ്സിസ്റ്റന്റ് എഞ്ചിനിയർ നൽകിയ റിക്വയർ മെന്റിന്റെ അടിസ്ഥാനത്തിൽ പണംപിൻവലിച്ച് സെക്രട്ടറി നേരിട്ട് ടാർ വാങ്ങി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. ഫൈനൽ വർക്ക് ബിൽ തയ്യാറാക്കുമ്പോൾ വാങ്ങി നൽകിയ ടാറിന്റെ മാർക്കറ്റ് വിലയും, കാലിബാരലിന്റെ വിലയും കഴിച്ചുള്ള തുക ബന്ധപ്പെട്ട ഫണ്ടിൽ നിന്നും പിൻവലിച്ച് ,നികുതികൾ, വെൽഫയർഫണ്ട്എന്നിവ കുറവ്ചെയ്ത് കൺവീനർക്ക് തുക നൽകുന്നു. എന്നാൽ കാലി ബാരലിന്റെ വിലകൂടി പിൻവലിക്കാത്തതിനാൽ ടി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ ലഭിക്കേണ്ടിയിരുന്ന 39,512/-രൂപ നഷ്ടം വന്നിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| നം | വർക്കിന്റെ പേര്, പ്രോജക്ട് നം | കൺവീനർ, എഗ്രിമെന്റ് നം | ആകെ പ്രവർത്തി | ബാരലിന്റെ വിലയിനത്തിൽ ബില്ലിൽ | ബിൽ നം തീയതി |
|---|---|---|---|---|---|

| | | | മൂല്യം രൂപ | കുറവുചെയ്ത തുക | |
|---|---|---|---|---|---|
| 1 | വില്ലൂർ വാർഡിലെ അമ്മുമ്മക്കാവ് റോഡ്ടാറിംഗ് പ്രോ.നം S0054/18 | ലതാസുനിൽ 17/AE/LSGD /MGP/2016-17/ 23.12.2016 | 2,99,294/- | 2,440/- | ബിൽ നം. 79/2017-18/ 22.02.2018 |
| 2 | എൽ .എം.എസ്സ്സ്കൂൾ - വില്ലൂർ ഏലാ റോഡ് ടാറിംഗ്. പ്രോ.നം S0038/17-18 | ശ്രീലതാ വിശ്വനാഥ് 51/AE/LSGD/ MGP/16-17 01.02.2017 | 4,79,184/- | 1,878/- | ബിൽ നം. 76/2017-18/ 19.02.2018 |
| 3 | ഗുരുസികാമൻ കാവ്-നടക്കുന്ന് -കുരിശ്ശടി റോഡ് മെറ്റലിംഗം ടാറിംഗുംപ്രോ.നം S0059/17-18 | രാജീവൻ 13/ AE/LSGD/MGP/ 16-17/ 21.12.16 | 3,49,650/- | 2,880/- | ബിൽനം. 75/2017-18/ 19.02.18 |
| 4 | സെൻ്റ് മേരീസ് നടുക്കുന്ന് റോഡ് മെറ്റലിംഗം ടാറിംഗുംപ്രോ.നം S0063/17-18 | അബ്രഹാം 12/AE/LSGD/MGP/ 16-17/ 21.12.16 | 4,74,842/- | 3,874/- | ബിൽനം. 74/17-18/ 19.02.18 |
| 5 | ചേത്തടി വാർഡിലെ ചേത്തടി – ഐ.ടി.സി റോഡ്ടാറിംഗ് പ്രോ.നം. S0036/17-18 | ബാലചന്ദ്രൻ 24/AE/LSGD/ MGP/ 16-17/ 28.12.16 | 2,18,716/- | 1,722/- | ബിൽനം 72/17-18 /19.02.18 |
| 6 | നടുക്കുന്ന് ഈസ്റ്റ് വാർഡിലെ – പാലമുക്ക് അമ്മുമ്മക്കാവ് റോഡ് മെറ്റലിംഗം ടാറിംഗം പ്രോ.നം S0042/18 | ഷാജീ 23/AE/LSGD/ MGP/ 16-17/ 28.12.16 | 3,98,208/- | 2,874/- | ബിൽനം 71/17-18/ 19.02.18 |
| 7 | നടുക്കുന്ന് വെസ്റ്റ് വാർഡിലെ ലാൽ ഭവൻ- പതിക്കോട്ട് ചീററോഡ് മെറ്റലിംഗം ടാറിംഗം പ്രോ.നം S0057/2017-18 | വിക്രമൻ.ജീ 22/AE/LSGD /MGP/ 16-17/ 28.12.16 | 2,74,833/- | 2,240/- | ബിൽനം 78/17-18/ 19.02.18 |
| 8 | മൈലാട്ടുംപാറ വാർഡിലെ എൽ.എം.എസ്സ് ചർച്ച് വില്ലൂർ ഏലാറോഡ് ടാറിംഗ് | ശ്രീലതാ വിശ്വനാഥൻ 19/AE/LSGD/ MGP/ 16-17/ | 4,41,700/- | 2,802/- | ബിൽനം 77/17-18/ 19.02.18 |

| | | | | | |
|---|---|---|---|---|---|
| | പ്രോ.നം.39/18 | 23.12.18 | | | |
| 9 | ചെങ്ങമനാട് സൗത്ത് വാർഡിലെ തരകൻസ് ഓഡിറ്റോറിയം - വില്ലൂർ റോഡ് ടാറിംഗ് പ്രോ.നം. 44/17-18 | ബിജു 30/AE/LSGD/ MGP/ 16-17/ 30.12.18 | 4,64,177/- | 5,860/- | ബിൽനം 108/17-18/ 31.03.18 |
| 10 | ചെങ്ങമനാട് നോർത്ത് വാർഡിലെ ഇലഞ്ഞുവിള കോട്ടൂർകോണം ഏലാറോഡ് മെറ്റലിംഗ് പ്രോ.നം 65/17-18 | മത്തായിക്കുട്ടി 29/AE/LSGD/ MGP/ 16-17/ 30.02.16 | 3,09,367/- | 2,522/- | ബിൽനം 102/17-18/ 23.03..18 |
| 11 | പാലമുക്ക് അംഗൻവാടി റോഡ് റീ ടാറിംഗ് പ്രോ.നം43/17-18 | വിജയകുമാർ 38/AE/LSGD/ MGP/ 16-17/ 19.01.2017 | 1,74,883/- | 1,438/- | ബിൽനം 85/17-18/ 26.02.18 |
| 12 | നടുക്കുന്ന് വെസ്റ്റ് വാർഡിലെ ചെന്തല രക്ഷാസൈന്യം റോഡ് മെറ്റലിംഗും ടാറിംഗും പ്രോ.നം 50/17-18 | ജോൺസൺ 20/AE/LSGD /MGP/ 16-17/ 28.12.16 | 2,98,981/- | 2,310/- | ബിൽനം 83/17-18/ 26.02.18 |
| 13 | വില്ലൂർ വാർഡിലെ കൊച്ചുവിള ജംഗ്ഷൻ തെക്കേവിള റോഡ് പുനരുദ്ധാരണം പ്രോ.നം 55/18 | തോമസ് 14/AE/LSGD/ MGP/ 16-17/ 28.12.16 | 2,99,050/- | 1,864/- | ബിൽനം 80/17-18/ 19.02.18 |
| 14 | പാലനിരപ്പ് -കോട്ടൂർകോണം ഏലാറോഡ് പുനരുദ്ധാരണം പ്രോ.നം 66/17-18 | ചിന്നമ്മകോശി 18/AE/LSGD/ MGP/ 16-17/ 23.12.16 | 2,64,677/- | 1,318/- | ബിൽനം 86/17-18/ 26.02.18 |
| 15 | ചേത്തടി വാർഡിലെ ബി.ആർ.എം സ്കൂൾ കാഷ്യൂ ഫാക്ടറി റോഡ് റീടാറിംഗ് | വേണഗോപാൽ 21/AE/LSGD/ MGP/ 16-17/ 28.12.16 | 3,44,996/- | 2,890/- | ബിൽനം 82/17-18/ 26.02.18 |

ആകെ - 39,512/-രൂപ

ടി തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് എൻക്വയറി നം-8/17-18/24.09.2018

## 3-4 ശങ്കർജംഗ്ഷൻ -ബഥേൽ ചർച്ച് റോഡ് റീ ടാറിംഗ് -പ്രോജക്ട് നിർവഹണം നടത്തിയില്ല- വാങ്ങി നൽകിയ ടാറിന്റെ വില-54582രൂപ നഷ്ടം

പ്രോജക്ട് നമ്പർ 68/17

പ്രോജക്ട് മൈലാട്ടുംപാറ വാർഡിലെ ശങ്കർ ജംഗ്ഷൻ -ബഥേൽ ചർച്ച് റോഡ് റീ ടാറിംഗ്

അടങ്കൽ -1,59,000/-

ചെലവ് -24,582/-

ബിൽ നമ്പർ 15/17-18/14.07.2017

നിർവ്വഹണം- അസിസ്റ്റൻറ് എഞ്ചിനീയർ

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മൈലാട്ടുംപാറ വാർഡിലെ ശങ്കർ ജംഗ്ഷൻ -ബഥേൽ ചർച്ച് റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തി 2017-18 വർഷം സ്പിൽ ഓവറായി ഉൾക്കൊള്ളിച്ച്, പദ്ധതി നിർവഹണത്തിന് വേണ്ടി 145.80 കി.ഗ്രാം RS1 എമൾഷനും 1664.72 VG 30 ടാറും കണക്കാക്കി ആയതിന്റെ വിലയായ 54,582/-രൂപ മെയിന്റനൻസ് ഫണ്ടിൽ (റോഡ്) നിന്നും മാറിയിട്ടുണ്ട്(ബിൽനം.15/17-18/14.07.2017). ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ടി അളവിലുള്ള ടാറും എമൾഷനും ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ.സാംകുട്ടി കൈപ്പറ്റിയിട്ടുണ്ട്. 2017-18 വർഷം ടീ വർക്ക് ഗുണഭോക്തൃ സമിതിയ്ക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ല. കൂടാതെ 2018-19 വാർഷിക പദ്ധതിയിൽ നിന്നും സ്പിൽഓവറായി ഒഴിവാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ടീ മെറ്റീരിയൽസിന്റെ വില നാളിതുവരെയുള്ള നിയമാനുസൃത പലിശ(12.5%) സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കിബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം -9/17-18/24.09.2018

## 3-5 ടെണ്ടർ ഡിഡക്ഷൻ പൂർണ്ണമായും കുറവ് ചെയ്യാതെ നഷ്ടം-ബിൽ തുക കൂടുതൽ നൽകി

പ്രോജക്ട് നമ്പർ S00117/18

പദ്ധതിയുടെ പേര് -കൽ വിളക്ക് ഭാഗം കീപ്പള്ളീൽ ഏലാ റോഡ് പുനരുദ്ധാരണം

അടങ്കൽ 3,00,000/-രൂപ

ചെലവ് തുക 2,34,289.42/-
ബിൽ നമ്പർ -105/31-3-18
എഗ്രിമെന്റ് നമ്പർ 26/AE/LSGD/MGP/2017-18 dt. 7-12-2017

കോൺട്രാക്ടർ -അബ്ദുൽ മജീദ്

എം. ബുക്ക് നമ്പർ 24/17-18

പ്രസ്തുത പ്രവൃത്തിയ്ക്കായി തുക നൽകിയപ്പോൾ ടെണ്ടർ ഡിഡക്ഷൻ പൂർണ്ണമായും കുറവു ചെയ്യാതെ തുക നൽകിയതുമൂലം അധികം തുക നൽകേണ്ടിവന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - 2,78,882.77/-

ടെണ്ടർ ഡിഡക്ഷൻ കുറവുചെയ്യേണ്ടത്-(15.99%)44,593.35/-

ടെണ്ടർ ഡിഡക്ഷൻ കുറവുചെയ്തത്- 41,832.4/-

കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക -2,34,289.45

കൺവീനർക്ക് നൽകിയ തുക -2,32,284/-

അധികം നൽകിയ തുക -2,005/-

ഇങ്ങനെ തുക അധികം നൽകാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്*മറുപടി* ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2,005/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. എഗ്രിമെന്റ് പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കാതിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 11/25-9-18

## 3-6 പൈനുംമൂട്- പിണറുവിള ഭാഗംറോഡ് കോൺക്രീറ്റിംഗ് വാർഡ് നം -12 രേഖകളുടെ അഭാവത്തിൽ 1,49,663/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നം എസ്സ്.ഒ-83/2017-18

അടങ്കൽതുക – 1,500,000/-രൂപ

എം.ബുക്ക് നം - 42/16-17

ബിൽ നം - 49/17-18/22.08.2017

കൺവീനർ - ശ്രീ .കോശി വർഗ്ഗീസ്

എഗ്രിമെന്റ് നം - 58/AE/LSGD/MGP/16-17/ 31.03.2017

ടി വർക്കിന്റെ ആകെ പ്രവൃത്തിമൂല്യം 1,49,663/-രൂപ കണക്കാക്കി വാറ്റ് ,ഒരു ശതമാനം വെൽഫയർഫണ്ട് ആദായനികുതി എന്നിവ കുറവുചെയ്ത് 1,39,186/-രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിർവഹണവുമായി ബന്ധപ്പെട്ട് ഒറിജിനൽ പ്രോജക്ട് , വിശദമായ എസ്റ്റിമേറ്റ് , ഗുണഭോക്തൃ സമിതികൾ കൂടിയതിന്റെ രേഖകൾ , മെറ്റീരിയൽസ് വാങ്ങിയതിന്റെ ബില്ലുകൾ , മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ,ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല. ടി രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 1,49,663/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം - 1/17-18/14.09.18

## 3-7 <u>ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ പൊതുമരാമത്തുപ്രവർത്തികളിലെ നിർവഹണ അപാകതകൾ</u>

ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തുന്ന പൊതുമരാമത്തുപ്രവൃത്തികൾക്ക് വാങ്ങുന്ന മെറ്റീരിയൽസിന്റെ ബില്ലുകൾ പരിശോധിച്ചതിൽ ബില്ലുകൾക്ക് വാറ്റ് രജിസ്ട്രേഷൻ നമ്പരോ ജി.എസ്സ്.ടി രജിസ്ട്രേഷൻ നമ്പരോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സർക്കാരിന് ലഭിക്കേണ്ട നിയമാനുസൃതമായ നികുതികൾ ലഭിക്കുന്നില്ല. പല വർക്ക് ഫയലുകളിലും വ്യാജബില്ലുകളാണ് ഹാജരാക്കിയിരിക്കുന്നത്. പാറ,മെറ്റൽ എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികൾ മതിയായ രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല. ഗുണഭോക്തൃസമിതി നിർവഹണം നടത്തുന്ന പ്രോജക്ടുകളിൽ മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവഹണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളും മോണിറ്ററിംഗ് സമിതികളും

വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

## 3-8 സംയുക്ത പ്രോജക്ടിനായി തുക നൽകി-പദ്ധതി നടപ്പാക്കിയില്ല

പ്രോജക്റ്റ് നമ്പർ 166/18

പ്രോജക്റ്റ് ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ-ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ -1,00,000/-

ചെലവ്-1,00,000/-

ബിൽ നമ്പർ- 4/17-18/31-7-17

നിർവഹണഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതിയ്ക്കായി വികസനഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്ന് വകയിരുത്തിയ തുക പിൻവലിച്ച് കൊല്ലം ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി നിലവിൽ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കൾക്ക് ആർക്കും ആനുകൂല്യം നൽകിയില്ല എന്നിരിക്കെ ആയതിന് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. സംയുക്ത പ്രോജക്ടിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ നാളിതുവരെ പദ്ധതി നടപ്പിലാക്കുകയോ, ആനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല എന്നറിയിച്ചു. ആയതിനാൽ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർനടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക -1,00,000/-

ഓഡിറ്റ് എൻക്വയറി നമ്പർ- 4/19-9-18

## 3-9 രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് ലഭ്യമാക്കൽ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

പ്രോജക്റ്റ് നം 168/18

അടങ്കൽ തുക -വികസനഫണ്ട് ധനകാര്യകമ്മീഷൻ 75,000/-രൂപ

ചെലവഴിച്ച തുക- 63,360/- ബിൽ നം4/30-6-17

നിർവ്വഹണോദ്യോഗസ്ഥൻ-ഗ്രാമ പഞ്ചായത്ത് സെക്രട്ടറി.

മേൽ പദ്ധതി വഴി രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ

നല്കുന്നതിന് ഒരു സംഘടനയ്ക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 2,000/- രൂപ ആയിരിക്കെ ഒരു ക്ലബ്ബിന് 7,040/-രൂപ ക്രമത്തിൽ 9 ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നല്കിയിരിക്കുന്നു.

2017-18ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)80/17 തീയതി.3-4-17) ഖ.32.10 പ്രകാരം പ്രത്യേകമായി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കാത്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നല്കാവുന്നതാണെന്നും എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണമെന്നും ഒരു സംഘടനയ്ക്ക് 2,000/- രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നല്കാവുന്നതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ പദ്ധതി വഴി ഒരു ക്ലബ്ബിന് 7,040/-രൂപ ക്രമത്തിൽ 9 ക്ലബ്ബുകൾക്ക്63,360/- രൂപ ചെലവഴിച്ച് സ്പോർട്സ് കിറ്റുകൾ വാങ്ങിയിട്ടുണ്ട്. ക്ലബ്ബുകളുടെ അപേക്ഷ ,രജിസ്ട്രേഷൻ രേഖകൾ എന്നിവ പരിശോധിച്ചതിൽ 7 ക്ലബ്ബുകളുടെ അപേക്ഷ, രജിസ്ട്രേഷൻ രേഖകൾ എന്നിവയും സ്പോർട്സ് ഉപകരണങ്ങളുടെ കൈപ്പറ്റ് രസീതും മാത്രമാണ് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. മേൽക്കാരണങ്ങളാൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടി അധികമായി ചെലവഴിച്ച 45,360/-(5040x9) നിരാകരിക്കുകയും അപേക്ഷയോ രജിസ്ട്രേഷൻ രേഖകളോ ഹാജരാക്കാത്ത ക്ലബ്ബുകളായ കൈരളി ആർട്സ് & റിക്രിയേഷൻ ക്ലബ്ബ്, ചെങ്ങമനാട്, ശ്രുതി ആർട്സ് & സ്പോർട്സ് ക്ലബ്ബ് എന്നിവയ്ക്ക് വേണ്ടി മാർഗ്ഗരേഖ അനുവദിക്കുന്ന പ്രകാരം ചെലവഴിച്ച തുകയായ 4,000/- രൂപ രേഖകളുടെ അഭാവത്തിൽ തടസ്സത്തിലും വയ്ക്കുന്നു. മേൽ വിഷയങ്ങൾ സൂചിപ്പിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും തടസ്സപ്പെടുത്തിയ തുകയുടെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം.2/17/9/18

## 3-10 ക്ഷേമനിധി വിഹിതം ഒടുക്കാതെ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു.

മരാമത്ത് പണിയുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമനിധി വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കാതെ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതിയുടെ പേര് -കോളശ്ശരി മഠം റോഡ് കോൺക്രീറ്റിംഗ്-(പ്രോജക്ട് നമ്പർ S00102/18)

അടങ്കൽ 2,00,000/-രൂപ

എഗ്രിമെന്റ് നമ്പർ 25/AE/LSGD/MGP/2017-18 dt. 7-12-2017

കോൺട്രാക്റ്റർ -അബ്ദുൾ മജീദ്

ആകെ പ്രവൃത്തി മൂല്യം- 1,67,698/-

ആദായ നികുതി 1,677/-

കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്.-1,677/-

സെസ്സ് 17/-

എന്നാൽ ക്ഷേമനിധിയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത തുക സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ആണ് നിക്ഷേപിച്ചിരിക്കുന്നത്. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/25.9.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-11 വീട് മെയിന്റനൻസ്-പണി പൂർത്തീകരിച്ചില്ല

വി.ഇ.ഓ മേലില നിർവഹണം നടത്തിയ എസ്.0165/18- വീട് മെയിന്റനൻസ് എസ്. സിഎന്ന പ്രോജക്ടിനായി ഒന്നാം ഗഡു തുകയായ 15,000/- രൂപ വിവിധ ബില്ലുകളിലായി കൈപ്പറ്റിയ രാജി, കുട്ടി എന്നിവർ പണിപൂർത്തിയാക്കി രണ്ടാം ഗഡുകൈപ്പറ്റിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/19.9.18) മറുപടി ലഭ്യമാക്കിയില്ല. ടിയാളുകളെ കൊണ്ട് പണി പൂർത്തീകരിപ്പിക്കുകയോ, നൽകിയ അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-12 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല-377027/- രൂപ തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി.17/25.9.18

| ക്രമ നം | പദ്ധതിയുടെ പേര്അടങ്കൽ | നിർവ്വഹണോദ്യോഗസ്ഥൻ | തടസ്സപ്പെടുത്തുന്ന തുക(ബിൽ നം) | കാരണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | തുക<br>ചെലവഴിച്ച തുക(ബിൽ നം) | | | |
| 1. | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.<br>12/18 ധനകാര്യ കമ്മീഷൻ അവാർഡ്-150000/- | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 150000/- (ബിൽ നം 15/2-8-17) | വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 2 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.<br>197/18 ധനകാര്യ കമ്മീഷൻ അവാർഡ്-18000/- | | 13027/-(ബിൽ നം41/21-3-18) | വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 3 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.<br>193/18 തനത് ഫണ്ട്-14000/-/- | | 14000/-(ചെക്ക് നം5044123/3-3-18) | വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 4 | മേലില വെസ്റ്റ് വാർഡിൽ പുലിപ്പാറ ഭാഗത്ത് കുടിവെള്ള പദ്ധതി | അസിസ്റ്റന്റ് എഞ്ചിനീയർ | 2,00,000/- ബിൽ നമ്പർ 66/17-18/ 28-11-17 | ഭൂജല വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം പേർക്ക് തുക ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല |

## 3-13 മരുന്നുകൾയഥാസമയം ലഭ്യമാക്കിയില്ല.

അലോപ്പതി - മെഡിക്കലോഫീസർ നിർവ്വഹണം നടത്തിയ സാന്ത്വന പരിചരണം എന്ന പദ്ധതിക്ക് വേണ്ടി മരുന്ന വാങ്ങുന്നതിന് തുക മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഓഡിറ്റ് കാലയളവിലും ഒന്നും തന്നെ ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം/<br>മരുന്ന വാങ്ങുന്നതിന്<br>ഒടുക്കിയ തുക | ലഭ്യമായ<br>മരുന്നുകളുടെ<br>വില | ലഭ്യമാക്കാനുള്ള<br>മരുന്നുകളുടെ<br>വില |
|---|---|---|
| 5/22-1-18 തുക-64,355/- | - | 64,355/- |
| 6/22-1-18 തുക- 5,645/- | - | 5,645/- |
| ചെക്ക് നം.<br>1325127/26-3-18/49,996/- | - | 49,996/- |
| ആകെ | | 1,19,996/- |

ലഭ്യമാക്കാനവശേഷിക്കുന്ന 1,19,996/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി

സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-14 വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

30.05.2017-ലെ 21700175നം. വൗച്ചർ പ്രകാരം 5000/-രൂപ (ചെക്ക് നം 345562/30.05.2017), ഗവ:യു.പി.എസ്സ് മേലിലയുടെ പ്രവേശനോത്സവ ചെലവിനായി എച്ച്.എം-ന് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല . ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല ആയതിനാൽ 5,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി - 13/25.09.2018

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 6,75,000 | അംഗൻവാടി പോഷകാഹാര പദ്ധതി, സ്കോളർഷിപ്പ് | 6,73,274/- | 1,726/- |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 175000 | പാലിയേറ്റീവ് കെയർ,സ്കോളർഷിപ്പ് | 1,74,953/- | 47/- |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 15/2.8.17 41/21.3.18 5044123/3.3.18 | 1,77,027/- | 0 | 177,027/- |
| ഗ്രൗണ്ട് വാട്ടർ | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 66/17-18/ 28.11.17 | 2,00,000/- | 0 | 2,00,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവനപദ്ധതി | 522/2010 തസ്വഭവ തീ.17.02.2010 | 1,30,71,000 | 12,15,900/- | 7,35,000 | - | 4,80,900/- |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 580,45/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99<br>2000-01<br>2002-03 | 29,35,2,2-3 | 776 | സെക്രട്ടറി, മേലില ഗ്രാമ പഞ്ചായത്ത് | 117040105062/ 20.02.2018 |
| 1999-2000 | 36(2) | 18,349 | തഹസിൽദാർ,കൊട്ടാരക്കര | 117040400007/ 11.08.2018 |
| 1999-2000 | 36(2) | 15,674 | തഹസിൽദാർ,കൊട്ടാരക്കര | 117040400008/ 11.08.2018 |
| 1999-2000 | 36(2) | 18,416 | അസ്സിസ്റ്റന്റ് എഞ്ചിനിയർ | 117040400009/ 02.03.2018 |
| 2015-16 | 3-8 | 402 | അർച്ചന.വി.എസ്സ് | 117040100604/ 08.06.17 |
| 2015-16 | 3-8 | 134 | അമ്പിളികുമാരി.ജി | 117040100605/ 08.06.17 |
| 2015-16 | 3-13 | 1,207 | അസ്സിസ്റ്റന്റ് എഞ്ചിനിയർ | 117040100649/ 13.06.17 |
| 2016-17 | 3-18 | 3,000 | അസ്സിസ്റ്റന്റ് എഞ്ചിനിയർ | 117040104609/ 12.01.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-6 | 2006-07 | 3.11.5 | ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം | കെ.എസ്.എ.കെ എൽ.എം-പി11-399(7)/2018, തീയതി.23.2.18 ഖണ്ഡിക പ്രകാരം നിലനിൽക്കുന്നു. |
| 2002-03 | 3-15 | 2006-07 | 3.11.7 | വൈദ്യുതലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി കെ. എസ്. ഇ. ബിയ്ക്ക് തുക അടച്ചു. വൈദ്യുതി ലഭ്യമായില്ല | ഇലക്ട്രിക് കണക്ഷൻ ലഭിച്ചു. യു.സി. ലഭിച്ചു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി-യായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | ഇല്ല | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർ ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-2000 | 36(2) | സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് | | | | 34023/ 11-1-18 | | | 34023 | | കെ. എസ്. എ-കെ. എൽ. എം.പി-11/399 (4)/18 പ്രകാരം പരാമർശം ഒഴിവാക്കി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,03,81,950 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,17,15,467 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,57,406 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,76,850 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1) | | 10,860 | ശ്രീമതി.സംഗീത.എ.എസ്സ്, കൃഷിഓഫീസർ |
| 3-1(4) | | 4,387 | ശ്രീമതി.സംഗീത.എ.എസ്സ്, കൃഷിഓഫീസർ |
| 3-3 | | 39,512 | ശ്രീമതി.സീന. റ്റി.ജെ. അസ്സിസ്റ്റന്റ്എഞ്ചിനിയർ |
| 3-4 | | 54,582 | ശ്രീമതി.ഹസീന അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | | 2,005 | ശ്രീമതി.സീന. റ്റി.ജെ. അസ്സിസ്റ്റന്റ്എഞ്ചിനിയർ |
| 3-9 | | 45,360 | ശ്രീമതി.ഉഷാകുമാരി അമ്മ.ടി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1.3 | 10,41,160 | ശ്രീമതി.സംഗീത.എ.എസ്, കൃഷി ഓഫീസർ |
| 3-6 | 1,49,663 | ശ്രീമതി.ഹസീന. എ,അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-8 | 1,00,000 | ശ്രീമതി.രമ്യ, ഐ.സി.ഡി.എസ്സ് ,സൂപ്പർവൈസർ |
| 3-9 | 4,000 | ശ്രീമതി.ഉഷാകുമാരി അമ്മ.ടി,സെക്രട്ടറി |
| 3-12 | 1,77,027 | ശ്രീമതി.ഉഷാകുമാരി അമ്മ.ടി,സെക്രട്ടറി |
| 3-14 | 2,00,000 | ശ്രീമതി.ഹസീന. എ,അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-15 | 5,000 | ശ്രീമതി.ഉഷാകുമാരി അമ്മ.ടി,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സംഗീത.എ.എസ്സ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | അജയ്ഭവൻ, പുതുശ്ശേരികോണം, എഴുകോൺ.പി.ഒ |
| ശ്രീമതി. സീന. റ്റി.ജെ. അസ്സിസ്റ്റന്റ് എഞ്ചിനിയർ | അസ്സിസ്റ്റന്റ് എഞ്ചിനിയർ, മേലില ഗ്രാ.പ | പ്ലാവിള വീട് താഴം നോർത്ത് ചാത്തന്നൂർ |
| ശ്രീമതി.ഹസീന. എ അസ്സിസ്റ്റന്റ് എഞ്ചിനിയർ | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ആലപ്പുഴ ജില്ലാപഞ്ചായത്ത്, ദാരിദ്ര്യലഘൂകരണവിഭാഗം | സഫയർ ചന്ദനത്തോപ്പ് പി. ഓ കേരളപുരം |
| ശ്രീമതി.ഉഷാകുമാരി അമ്മ.ടി,സെക്രട്ടറി | സെക്രട്ടറി, പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത് | പ്ലാവിള വീട്, ഇളമാട് പി.ഒ |
| ശ്രീമതി.രമ്യ, ഐ.സി.ഡി.എസ്സ്, സൂപ്പർവൈസർ | ഐ.സി.ഡി.എസ്സ്, സൂപ്പർവൈസർ, മുഖത്തലബ്ലോക്ക് | വൃന്ദാവൻ, മാനവനഗർ30, കിളികൊല്ലൂർ.പി.ഒ, കൊല്ലം-4 |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി-ക്കുന്ന ഖണ്ഡിക-കളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(1)/23-2-18 | |

| | | |
|---|---|---|
| 1997-98 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/399(2)/23-2-18 | |
| 1998-99 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/399(3)/23-2-18 | |
| 1999-2000 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/399(4)/23-2-18 | |
| 2000-01 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/399(5)/23-2-18 | |
| 2001-02 | കെ.എസ്സ്.എ.കെ.എൽ.എം<br>പി11/399(6)/23-2-18 | |
| 2002-03 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/399(7)/23-2-18 | |
| 2003-04 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/399(8)/23-2-18 | |
| 2004-05 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/399(9)/23-2-18 | |
| 2005-06 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/399(10)/23-2-18 | |
| 2006-07 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/1189/14(11)11.06.14 | |
| 2007-08 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/1189/14(12)/11.06.14 | |
| 2008-09 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/1189/14(13)/11.06.14 | |
| 2009-10 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/1189/14(14)/11.06.14 | |

| | | |
|---|---|---|
| 2010-11 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/1189/14(15)/11.06.14 | |
| 2011-12,<br>2012-13 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/2443/01.04.2014 | |
| 2013-14,<br>2014-15 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/822/2016/01.06.2016 | |
| 2015-16 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/1889/2016/ | |
| 2016-17 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/1544/2017 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

നം:കെ.എസ്.എ.കെ.എൽ.എം.P11-1711/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

ഫോൺ : 0474 – 2740141

ഇ-മെയിൽ : doklm.ksad@kerala.gov.in
തീയതി : 21.1.2019

ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മേലില ഗ്രാമ-പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷികധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം